Uncorrected/Not for publication

26-10-2026

Annexure to Question No.152

വിശദീകരണക്കുറിപ്പ്

കേരളത്തെ ആരോഗ്യ ടൂറിസത്തിന്റെ ഡെസ്റ്റിനേഷൻ ആക്കി മാറ്റുവാൻ റീച്ച് കേരള എന്ന പദ്ധതി ആവിഷ്കരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി ആരോഗ്യം-ആയുഷ് ടൂറിസം മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവ തമ്മിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മികച്ച ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങിയവയും, രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആവശ്യമായ അനുബന്ധ സൗകര്യങ്ങളും സംയോജിപ്പിച്ച് കേരള ഹെൽത്ത് ആൻഡ് ലൈഫ് സയൻസ് സിറ്റി എന്ന ആരോഗ്യ സംവിധാനം വികസിപ്പിക്കുന്നതിലൂടെ ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സേവനങ്ങൾ നൽകുന്നതിനും മെഡിക്കൽ വിദ്യാഭ്യാസവും, ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനും മെഡിക്കൽ ടൂറിസം വികസിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ വഴി രോഗപ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങൾ,

Annexure to Question No.152

യോഗ തുടങ്ങിയ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ സംഘടിപ്പിച്ചുവരുന്നുണ്ട്.

സമഗ്ര ആരോഗ്യം, ക്ഷേമം, ദീർഘായുസ്സ് എന്നിവയ്ക്കുള്ള ജന്മദേശമായും ലക്ഷ്യസ്ഥാനമായും കേരളത്തെ നിലനിർത്തുന്നതിനും ആയത് ഉറപ്പ് വരുത്തുന്നതിനുമായി 07-10-2026-ലെ സ.ഉ(സാധാ) നം.3355/2026/ ആ.കു.വ. പ്രകാരം ഉന്നത തല കർമ്മസേന (Kerala Holistic Model for Health, Wellness and Longevity Task Force) രൂപീകരിച്ചിട്ടുണ്ട്. ആധുനിക വൈദ്യശാസ്ത്രവും പരമ്പരാഗത ചികിത്സാരീതികളും രോഗപ്രതിരോധ മേഖലയിൽ സംയോജിപ്പിച്ചുകൊണ്ട് രോഗപ്രതിരോധ മേഖലയെ ശാക്തീകരിക്കുന്നതിനും അതിലൂടെ രോഗാതുരതയും മരണനിരക്കും കുറയ്ക്കുന്നതിനും ഇതിലൂടെ ഉദ്ദേശിക്കുന്നു.

ആരോഗ്യ വകുപ്പിനും ആയുഷ് വകുപ്പിനും കീഴിലുള്ള സ്ഥാപനങ്ങളിലൂടെ നടത്തുന്ന ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ

ഭാരതീയ ചികിത്സാ വകുപ്പ്

26-10-2026

Annexure to Question No.152

വകുപ്പിനുകീഴിൽ 817 ഡിസ്പെൻസറികളും 131 ആശുപത്രികളും, 72 സബ് സെന്ററുകളും, 257 എൻ.എച്ച്.എം. ഡിസ്പെൻസറികളും പ്രവത്തിച്ചുവരുന്നു. കൂടാതെ ട്രൈബൽ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന 17 ട്രൈബൽ ഡിസ്പെൻസറികളുടെയും, ഒരു ട്രൈബൽ ആശുപത്രിയുടെയും ഒരു മെഡിക്കൽ ഓഫീസറുടെയും, ഒരു ഫാർമസിസ്റ്റിന്റെയും സേവനം ഈ വകുപ്പിൽ നിന്നാണ് നൽകിവരുന്നത്. ഈ വകുപ്പിനുകീഴിലെ ആശുപത്രികളിൽ തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളത്ത് സ്ഥിതി ചെയ്യുന്ന സർക്കാർ ആയുർവേദ മർമ്മ ആശുപത്രി, വർക്കലയിലുള്ള പ്രകൃതി ചികിത്സാ ആശുപത്രി, ആലപ്പുഴയിലെ സർക്കാർ പഞ്ചകർമ്മ ആശുപത്രി, തൃശ്ശൂരിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് റിസർച്ച്, മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ സ്ഥിതി ചെയുന്ന സർക്കാർ ആയുർവേദ മാനസികാരോഗ്യ പരിപാലന ഗവേഷണ കേന്ദ്രം, കോഴിക്കോട് ജില്ലാശുപത്രിയുടെ ഭാഗമായ എ.സി. ഷൺമുഖദാസ് മെമ്മോറിയൽ ആയുർവേദ ചൈൽഡ് ആൻഡ് അഡോളസെന്റ് കെയർ സെന്റർ എന്നിവ സ്പെഷ്യാലിറ്റിതല സേവനം നൽകുന്ന പ്രമുഖ കേന്ദ്രങ്ങളാണ്. കൂടാതെ

Annexure to Question No.152

വിവിധ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ നൽകുന്ന 50 മുതൽ 100 വരെ കിടക്കകളുള്ള 21 ആയുർവേദ ആശുപത്രികൾ, 110 കിടത്തി ചികിത്സാസൗകര്യങ്ങളുള്ള ആശുപത്രികൾ എന്നിവ ഉൾപ്പെടുന്നു. ഈ വകുപ്പിലെ ഡിസ്പെൻസറികളിൽ 420 എണ്ണം ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളാക്കി മാറ്റിയിട്ടുണ്ട്. ഇതിൽ 148 സ്ഥാപനങ്ങൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിട്ടുണ്ട്. മേൽ പറഞ്ഞവയിൽനിന്നും മെഡിക്കൽ വെൽനസ് ടൂറിസം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 14 ജില്ലകളിൽനിന്നും 25 ആയുർവേദ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 12 ഡിസ്പെൻസറികൾ നിലവിൽ ആയുഷ് ഹെൽത്ത് & വെൽനെസ് സെന്ററുകളായി പ്രവർത്തിക്കുന്നവയാണ്. കൂടാതെ NAM- ന്റെ ആയുർ കർമ്മ പദ്ധതി പ്രകാരം ഒ.പി. തലത്തിൽ ക്രിയാക്രമങ്ങൾ ചെയ്യുന്ന സ്ഥാപനങ്ങളായി 31 ഡിസ്പെൻസറികൾ മാറിയിട്ടുണ്ട്. വൈദഗ്ധ്യമുള്ള ഡോക്ടർമാർ, നേഴ്സുമാർ, തെറാപ്പിസ്റ്റുകൾ, ഫാർമസിസ്റ്റുകൾ തുടങ്ങി പ്രൊഫഷണലുകളുടെ വലിയൊരു നിര വകുപ്പിനുണ്ട്.

26-10-2026

Annexure to Question No.152

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

സംസ്ഥാനത്തെ ആദ്യകാല ഗവൺമെന്റ് മെഡിക്കൽ കോളേജുകളായ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ അന്താരാഷ്ട്ര നിലവാരത്തിൽ യോഗ്യരായ ഡോക്ടർമാരും ലോകോത്തര ഗുണനിലവാരം ഉറപ്പാക്കാൻ പറ്റുന്ന ആധുനിക ചികിത്സാ സംവിധാനങ്ങളും ഉണ്ട്. തിരുവനന്തപുരം കോളേജിലെ ന്യൂറോ ഇന്റർവെൻഷൻ കോമ്പ്രിഹെൻസീവ് സ്ട്രോക് സെന്റർ, SAT ആശുപത്രിയിലെ അപൂർവരോഗ ചികിത്സ, ജനിതക രോഗചികിത്സ, കോട്ടയം മെഡിക്കൽ കോളേജിലെ കാർഡിയോളജി, കാർഡിയോ വാസ്കുലാർ സംവിധാനം, കോഴിക്കോട് മെഡിക്കൽ കോളേജിലെ അത്യാധുനിക ചികിത്സാ സംവിധാനങ്ങളും മെഡിക്കൽ ടൂറിസത്തിന്റെ അനന്ത സാധ്യതകളാണ്. തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, എറണാകുളം എന്നീ മെഡിക്കൽ കോളേജുകളിൽ ഹെൽത്ത് ക്ലബ്ബ് തുടങ്ങുന്നതിനായി പേ വാർഡുകൾ നവീകരിച്ച് മറ്റ ഭൗതികസാഹചര്യങ്ങൾകൂടി മെച്ചപ്പെടുത്തി ഹെൽത്ത് ഹബ്ബുകൾ, വെൽനസ് സെന്ററുകൾ, റീഹാബിലിറ്റേഷൻ

സെന്ററുകൾ, സ്ട്രോക്ക് ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് ഹോളിസ്റ്റിക്ക് ചികിത്സ നൽകുന്ന സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ വഴി രോഗപ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, യോഗ തുടങ്ങിയ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ സംഘടിപ്പിച്ചുവരുന്നു.

<u>ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്</u>

ആരോഗ്യവകുപ്പിന്റെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ മുഖേന രോഗപ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങളും യോഗ ഉൾപ്പെടെയുള്ള ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളും നടത്തിവരുന്നു. പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനവും ലഭ്യമാക്കുന്നുണ്ട്. കൂടാതെ, ഫിസിയോതെറാപ്പിസ്റ്റ്, മോഡേൺ മെഡിസിൻ, ഭാരതീയ ചികിത്സ, ഹോമിയോപ്പതി വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സേവനം ഏകോപിപ്പിച്ച് മാസത്തിലൊരു ദിവസം മുഴുവൻ ഹോം കെയർ സേവനവും നൽകിവരുന്നു. സ്ട്രോക്ക് ഉൾപ്പെടെയുള്ള

Annexure to Question No.152

രോഗങ്ങൾ ബാധിച്ച് തുടർപരിചരണവും ഫിസിയോതെറാപ്പിയും ആവശ്യമായ രോഗികൾക്ക് മുൻഗണന നൽകി ഹോം കെയർ സേവനങ്ങൾ ആസൂത്രണം ചെയ്യുന്നു. രോഗപ്രതിരോധം, രോഗനിർണയം, രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കൽ എന്നിവ ലക്ഷ്യമിട്ട് 21-08-2026-ലെ സ.ഉ.(സാധാ) നം.2810/2026/ആ.ക്ഷേ.വ. പ്രകാരം ഹൃദയരാഗം പദ്ധതി നടപ്പിലാക്കിവരുന്നു. പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗം, കാൻസർ, കരൾരോഗം, വൃക്കരോഗം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ നേരത്തേ കണ്ടെത്തി ചികിത്സ ലഭ്യമാക്കുക, തുടർപരിചരണം ഉറപ്പാക്കുക, രോഗസങ്കീർണതകൾ ഒഴിവാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. 18 വയസ്സിനു മുകളിലുള്ളവരെ ഉൾപ്പെടുത്തി ആരോഗ്യപ്രവർത്തകർ വീടുകൾ സന്ദർശിച്ച് നടത്തുന്ന സർവെയിലൂടെയും പ്രാഥമിക സ്ക്രീനിങ്ങിലൂടെയും രോഗസാധ്യത വിലയിരുത്തി ആവശ്യമായവർക്ക് ചികിത്സയും വിദഗ്ധ ചികിത്സയ്ക്കുള്ള റഫറൽ സംവിധാനവും ഉറപ്പാക്കുന്നു. ഡിജിറ്റൽ സംവിധാനത്തിലൂടെ രോഗികളെ നിരീക്ഷിച്ച് തുടർച്ചയായ പരിചരണവും ആരോഗ്യകരമായ ജീവിതശൈലി

പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവൽക്കരണവും നൽകിവരുന്നു. ഗ്രാമീണ-ഗോത്ര മേഖലയിൽ നിലമ്പൂർ നിയമസഭാ മണ്ഡലത്തിലും മലയോര മേഖലയിൽ ഇടുക്കി നിയമസഭാ മണ്ഡലത്തിലും നഗരമേഖലയിൽ വലിയതുറ നിയമസഭാ മണ്ഡലത്തിലും പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനും, തുടർന്ന് സംസ്ഥാനവ്യാപകമായി വ്യാപിപ്പിക്കുന്നതിനും സർക്കാർ പദ്ധതിയിടുന്നു.

<u>ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</u>

വകുപ്പിന് കീഴിൽ രോഗപ്രതിരോധത്തിനും ആരോഗ്യ സംരക്ഷണത്തിനും വയോജനങ്ങളുടെ വാർധക്യകാല പരിചരണത്തിനുമായി "സ്വസ്ഥവൃത്ത" വകുപ്പ് നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്.